ബ്ലോക്ക് - പള്ളം

സി.ഡി.എസ് - കുറിച്ചി

കേരളം ലോകത്തിനു സംഭാവനചെയ്ത ഏറ്റവുംമഹത്തായസ്ത്രീമുന്നേറ്റ, ശാക്തീകരണപ്രസ്ഥാനമാണ് കുടുംബശ്രീ സംഘടനസംവിധാനം കുടുംബശ്രീ എന്ന സാമൂഹിക സാമൂഹ്യ സംഘടന സംവിധാനത്തിന്റെ വരവോടെ കേരളത്തിൽ, പ്രത്യേകിച്ചും സാധാരണക്കാരായ സ്ത്രീകൾക്കും അതുവഴി സമൂഹത്തിനും അഭിനന്ദനാർഹമായ പുരോഗതി കൈവരിക്കാനായി. സമൂഹത്തിൽ വ്യക്തമായ സ്ഥാനം നേടിയെടുക്കുന്നതിനും മുഖ്യധാരയിലേക്ക് കടന്നു വരുന്നതിനും സ്വന്തം അവകാശങ്ങളെക്കുറിച്ച്അറിവ് നേടുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങൾക്ക് സാധിച്ചു.

ലോക ജനത കണ്ടതിൽവെച്ച് ഏറ്റവും വലിയ മഹാമാരിയാണ് കോവിഡ്19. ചൈനയിലെ വുഹാനിൽ നിന്നും പൊട്ടിപ്പുറപ്പെട്ട ഈ മഹാമാരി ലോകത്താകെമാനം വൻ മനുഷ്യഹനി വരുത്തികൊണ്ടിരിക്കുകയാണ് .ഈ മഹാമാരിക്കു നിലവിൽ ഇതുവരെ മരുന്നുകൾ കണ്ടുപിടിക്കുവാൻ സാധിച്ചിട്ടില്ല അതുപോലെ തന്നെ ഇതിനെ പ്രേധിരോധിക്കുവാനുള്ള മരുന്നും കണ്ടുപിടിച്ചിട്ടില്ല.. ഇന്ത്യയിലും ഈ മഹാമാരി വളരെയധികം പടർന്നു പിടിച്ചു കൊണ്ടിരിക്കുവാണ്, കേരളത്തിൽ തുടക്കം കാര്യമായി നമ്മൾ പ്രതിരോധിച്ചെങ്കിലും ഇപ്പോൾ നിലവിൽ കോവിഡ് രോഗികളുടെ എണ്ണം ദിനം പ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഉണ്ടാകുന്നതു. ആയതിനാൽ ഇത് സാധാരണക്കാരായ കുടുംബശ്രീ അംഗങ്ങളുടെ ജീവിതത്തെയും കാര്യമായി ബാധിച്ചു. എന്നിരുന്നാലും നമ്മുടെ കുടുംബശ്രീ അംഗങ്ങൾ ഈ കോവിഡ് മഹാമാരിക്ക് എതിരെയുള്ള പോരാട്ടത്തിന് വേണ്ടി വളരെയധികം ആത്മാർഥമായി പ്രവർത്തിച്ചു വരുന്നു.

കമ്മ്യൂണിറ്റി കിച്ചൻ



തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖന കുടുംബശ്രീ കൂട്ടായ്മ വഴി സാമൂഹ്യ അടുക്കളയിലൂടെ സൗജന്യമായി ലോക്ഡൗൺകാലത്ത് ഭക്ഷണം നൽകുക എന്ന ദൗത്യം മികച്ച രീതിയിൽ നടത്തി വിജയിപ്പിക്കുവാൻ കുടുംബശ്രീക്ക് സാധിച്ചു. ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തിയിട്ടുള്ള അതിഥി തൊഴിലാളികൾക്ക്ഭക്ഷണംനൽകാൻസാധിച്ചു. കുറിച്ചി പഞ്ചായത്തിൽ 2 സാമൂഹ്യ അടുക്കള നടത്തുവാൻ സാധിച്ചു. ഈ സാമൂഹ്യഅടുക്കളയിലൂടെ 26 ദിവസം 14169 പൊതിച്ചോറ് നൽകുവാൻ സാധിച്ചു..

സന്നദ്ധ സേന രെജിസ്ട്രേഷൻ

കമ്മ്യൂണിറ്റി കിച്ചനിലും മറ്റുമായി സേവനത്തിൽ ഏർപ്പെട്ടിരുന്ന കുടുംബശ്രീ അംഗങ്ങൾ സന്നദ്ധസേന രെജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്.

ആരോഗ്യസ്ഥിതി വിലയിരുത്തൽ

Rp കാറന്റൻ കഴിയുന്ന 60 വയസ്സിന് മുകളിലുള്ളവരുടെ ആരോഗ്യസ്ഥിതി വിവരങ്ങൾ ഗൂഗിൾ ഫോമിൽ ചേർക്കുന്നു. വയോജനങ്ങൾ ആയുള്ള 114 ഡി എഫ് കെ കുടുംബങ്ങളെ ഫോണിലൂടെ ബന്ധപ്പെട്ട് അവരുടെ ആവശ്യങ്ങൾ ചോദിച്ചിട്ടുണ്ട്.. ഡിഎഫ് കെ അംഗമായ ക്യാൻസർ രോഗിയായ കുട്ടിയമ്മ പാപ്പന് മരുന്ന് എത്തിക്കുവാൻ സാധിച്ചു.

കൈത്താങ്ങായി ആശ്രയ

സി ഡി എസിലെ ആശ്രയ കുടുംബത്തിൽ ഉൾപ്പെട്ട വയസ്സിനു മുകളിലുള്ളവരുടെ ക്ഷേമാന്വേഷണം നടത്തുകയുണ്ടായി. പാവപ്പെട്ട ആശ്രയ കുടുംബത്തിൽ ഉൾപ്പെട്ട അംഗങ്ങളെ ഫോണിൽ വിളിച്ച് അവരുടെ പ്രശ്നങ്ങൾ ചോദിച്ച് മനസ്സിലാക്കി അവ പരിഹരിക്കുകയും ചെയ്തു.

മുഖ്യമന്ത്രിയുടെ സഹായ ഹസ്ത വായ്പാപദ്ധതി

കോവിഡ് 19 എന്ന മഹാമാരി ചേർക്കാൻ സർക്കാർ ഏർപ്പെടുത്തിയ ലോക ഡൗൺ മൂലമുണ്ടാവുന്ന തൊഴിൽ നഷ്ടവും അതിന്റെ തുടർച്ചയായുണ്ടാകുന്ന സാമ്പത്തിക നഷ്ടവും കണക്കിലെടുത്ത് സാധാരണക്കാർക്ക് അടിയന്തര വായ്പാ സഹായം ലഭ്യമാക്കുകയാണ് പദ്ധതികളിലൂടെ ലക്ഷ്യംവെക്കുന്നത്. കുറിച്ചി പഞ്ചായത്തിൽ 182 അപേക്ഷകളാണ് ബാങ്കിൽ സമർപ്പിച്ചിട്ടുള്ളത്.

ജൈവാങ്കണം കാർഷിക ക്യാമ്പയിൻ



ലോക്ക്ഡൗൺ സമയത്തെ വിരസത മാറ്റുവാനും കൂടുതൽ കുടുംബശ്രീ അംഗങ്ങളെ തിരിച്ച്കൃഷിയിലേക്ക് കൊണ്ടുവരുവാനും ആയി കോട്ടയം കുടുംബശ്രീ ജില്ലാ മിഷൻ ആരംഭിച്ച ഒരു കാർഷിക ക്യാമ്പയിൻ ആണ് ജൈവാങ്കണം. ഈ കാമ്പയിനിലൂടെ കൂടുതൽ ആളുകളെ കാർഷിക രംഗത്തേക്ക് കൊണ്ടുവരുവാൻ സാധിച്ചു. കൂടാതെ ഇതിലൂടെ മൂല്യവർദ്ധിത യൂണിറ്റുകൾ തുടങ്ങുവാനും സാധിച്ചു. വിഷ രഹിതമായ കാർഷികോൽപ്പന്നങ്ങൾ സ്വന്തമായി ഉത്പാദിപ്പിക്കുവാനും സാധിച്ചു എന്നതാണ് ഈ ക്യാമ്പയിൻ കൊണ്ടുള്ള നേട്ടം.

രജിത പ്രശാന്ത്

എം. കെ.സ്സ്. പി. ബ്ലോക്ക് കോ ഓർഡിനേറ്റർ

പള്ളം ബ്ലോക്ക്